**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ 'ദ ഹിന്ദു' അഭിമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 'ദ ഹിന്ദു' ഇംഗ്ലീഷ് ദിനപത്രത്തിൽ മുഖ്യമന്ത്രിയുടേതായി വന്ന അഭിമുഖത്തിൽ മലപ്പുറം ജില്ലയിലെ സ്വർണക്കടത്ത്, ദേശവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള പരാമർശം ഉണ്ടായത് ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ; | (എ) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാമർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അഭിമുഖത്തിലെ പ്രസ്തുത പരാമർശം മുഖ്യമന്ത്രിയുടെ അറിവോടെയാണോ പ്രസിദ്ധപ്പെടുത്തിയതെന്നും, പ്രസ്തുത അഭിമുഖ ഉള്ളടക്കം ശരിയായ വസ്തുതയാണോ എന്നും വ്യക്തമാക്കുമോ; | (ബി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാമർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ പിടിച്ചെടുത്ത സ്വർണം വിവിധ പ്രദേശക്കാരായ യാത്രക്കാരിൽനിന്ന് പിടിച്ചതാണോ അതോ ജില്ലയിലേക്ക് മാത്രം കൊണ്ടുവന്നതാണോ എന്ന കാര്യം ഓരോ കേസും പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | വിമാനത്താവളത്തിൽ സ്വർണ്ണം പിടിച്ചെടുക്കുന്നതിനുള്ള അധികാരം സംസ്ഥാന പോലീസിനില്ല. |
| (ഡി) | പ്രസ്തുത അഭിമുഖം വാഗ്ദാനം ചെയ്തത് കെയ്സൻ എന്ന പി.ആർ. ഏജൻസി ആണെന്നും സ്വർണക്കടത്ത്, ഹവാല വിവരങ്ങൾ കൂടി പ്രസ്തുത അഭിമുഖത്തിൽ ചേർക്കാൻ ആവശ്യപ്പെട്ട് പ്രസ്തുത ഏജൻസി പ്രതിനിധി എഴുതി നൽകി എന്നുമുള്ള 'ദ ഹിന്ദു' ദിനപത്രത്തിന്റെ വിശദീകരണം സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (ഡി) | അഭിമുഖത്തിൽ ഈ വിഷയങ്ങൾ പരാമർശിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ മലപ്പുറം പരാമർശം അഭിമുഖത്തിൽ ഉൾപ്പെടുത്താൻ പി. ആർ. ഏജൻസിയോട് ആവശ്യപ്പെട്ടത് ആരാണ് എന്നും ഏജൻസിയെ സർക്കാർ ഔദ്യോഗികമായി നിയോഗിച്ചതാണോ എന്നും വിശദമാക്കുമോ; | (ഇ) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ |

| | | | |
|---|---|---|---|
| | | | അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (എഫ്) | മുഖ്യമന്ത്രി പറയാത്ത കാര്യങ്ങളാണ് അഭിമുഖത്തിൽ വന്നതെങ്കിൽ അഭിമുഖം പ്രസിദ്ധീകരിച്ച പത്രം, പി.ആർ. ഏജൻസി എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം |

| | | | |
|---|---|---|---|
| | | | വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ